(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ ഫീസ് അടയ്ക്കാൻ അനുവദിക്കുന്നില്ലെന്ന പരാതി

*3 [466] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, കെ. പി. രാജേന്ദ്രൻ:

,, പി. എസ് സുപാൽ:

,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച ഫീസ് അടയ്ക്കുവാൻ അനുവദിച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ പ്രവേശനം ഫീസ്, പഠനസൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ തീരുമാനം വ്യക്തമാക്കാമോ;

(സി) ഈ തീരുമാനങ്ങൾ അംഗീകരിക്കാത്ത മാനേജുമെന്റുകളുടെ മേൽ സർക്കാരിന് നിയന്ത്രണം ഉണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (നാലകത്ത് സൂപ്പി):

(എ) 2003-2004 വർഷത്തിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 2003-2004 അക്കാദമിക് വർഷം സ്വാശ്രയ കോളേജുകളിൽ 50% മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജിലേതിനു തുല്യമായ ഫീസാണ് നൽകേണ്ടതെന്ന് തീരുമാനിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഈ കോളേജുകളിലെ ഓരോ കോഴ്സിലും 50% സീറ്റുകൾ ഗവൺമെന്റ് സീറ്റുകളായി പരിഗണിച്ച് സംവരണ തത്വങ്ങൾ പാലിച്ച് പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ./ മെഡിക്കൽ കൗൺസിൽ/ഡെന്റൽ കൗൺസിൽ/ഫാർമസി കൗൺസിൽ തുടങ്ങിയ സമിതികൾ കോളേജുകൾ സന്ദർശിച്ച് പഠന സൗകര്യങ്ങൾ പരിശോധിച്ച ശേഷമാണ് കോളേജുകൾക്ക് പ്രവർത്തനാനുമതി നൽകുന്നത് അതിനാൽ ഏറ്റവും അത്യാവശ്യം വേണ്ട പഠനസൗകര്യങ്ങൾ എല്ലാം തന്നെ ഈ കോളേജുകളിൽ ഉറപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) ഉണ്ട്. 2004-ലെ അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജ് (പ്രൊഹിബിഷൻ ഓഫ് കാപ്പിറ്റേഷൻ ഫീസ് ആൻഡ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) ആക്ട് പ്രകാരം ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്ന കോളേജുകളുടെ അഫിലിയേഷൻ റദ്ദു ചെയ്യുവാൻ വ്യവസ്ഥയുണ്ട്. ഇതു സംബന്ധിച്ചു പരാതികൾ ഒന്നു ലഭിച്ചിട്ടില്ല.

മരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകൾ

*4 [467] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റസ്റ്റ് ഹൗസുകൾ ഉണ്ടായിരുന്നു;

(ബി) ഇതിൽ സ്വകാര്യ മേഖലയ്ക്ക് കൈമാറിയവ എത്ര; അവ ഏതെല്ലാം;

(സി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഈ കൈമാറ്റമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയുടെ സ്ഥാവര ജംഗമ സ്വത്തുക്കൾ എത്ര വീതമുണ്ടെന്ന് പ്രത്യേകം വെളിപ്പെടുത്തുമോ?

മരാമത്ത് വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) 136 റസ്റ്റ് ഹൗസുകൾ.

(ബി) മൂന്ന് റസ്റ്റ് ഹൗസുകൾ മൂന്നാർ, ആലുവ, വൈക്കം.

(സി) റിനോവേറ്റ് ഓപ്പറേറ്റ് മെയിന്റെയിൻ ട്രാൻസ്ഫർ (ROMT) വ്യവസ്ഥയിൽ, കൺസഷൻ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ 30 വർഷത്തെ കാലാവധിയ്ക്കാണ് മൂന്ന് റസ്റ്റ് ഹൗസുകൾ കൈമാറിയിരിക്കുന്നത്. കൺസഷൻ എഗ്രിമെന്റ് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട കൺസഷണർമാർ ഒരു നിശ്ചിത തുക പ്രതിവർഷം സർക്കാരിലേക്ക് അടയ്ക്കേണ്ടതും ക്ളിപ്ത കാലാവധിയ്ക്കുശേഷം നവീകരിച്ച റസ്റ്റ് ഹൗസുകൾ പൊതുമരാമത്ത് വകുപ്പിന് ബാദ്ധ്യതയില്ലാതെ തിരിച്ചുനൽകേണ്ടതുമാണ്.

(ഡി) മൂന്നാർ——ഏകദേശം 200 സെന്റ് സ്ഥലം ആലുവ——84.5 സെന്റ് സ്ഥലം വൈക്കം——ഏകദേശം 118 സെന്റ് സ്ഥലം. (കൈമാറിയ റസ്റ്റു ഹൗസുകളിലുണ്ടായിരുന്ന ജംഗമ വസ്തുക്കൾ എല്ലാം മറ്റു പി.ഡബ്ള്യു.ഡി. റസ്റ്റു ഹൗസുകളുടെ ഉപയോഗത്തിനായി നൽകിയിട്ടുണ്ട്.)

LIBRARY ARCHIVES Kerala Legislative Assembly